LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടിയിൽ അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ്

140(1125) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ റൂസ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മാതൃകാ ഡിഗ്രി കോളേജിന് സർക്കാർ പത്തേക്കർ സ്ഥലം അനുവദിക്കുകയും റവന്യൂ അധികാരികൾ സ്ഥലം അളന്ന് തിരിച്ച് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൽപ്പറ്റ ഗവ. കോളേജ് പ്രിൻസിപ്പൽ പ്രസ്തുത 10 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് 15-7-2021-ൽ ഇതുവരെയുള്ള നടപടികൾ ക്രോഡീകരിച്ച് റൂസാ ദേശീയ കോ-ഓർഡിനേറ്റർക്ക് റിപ്പോർട്ട് നൽകുകയും കേന്ദ്ര പദ്ധതി വിഹിതം അടിയന്തരമായി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി ഇനി സ്വീകരിക്കേണ്ടതുണ്ടോ?

സംസ്ഥാന സർക്കാരും റൂസാ സംസ്ഥാന പദ്ധതി കാര്യാലയവും കേന്ദ്ര നിർദ്ദേശപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ വികസനം

141(1126) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ ഭാവി വികസനത്തിന് ആവശ്യമായ ഭൂമി കെ.എസ്.ഐ.ഡി.സി.-യിൽനിന്നും വിട്ടുകിട്ടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യിൽനിന്നും ഭൂമി വിട്ടുകിട്ടുന്ന കാര്യത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(ബി) പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യിൽനിന്നും ഭൂമി വിട്ടുകിട്ടുന്ന കാര്യത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ

142(1127) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക സർക്കാർ വനിതാ കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത കോളേജിൽ ബി.കോം കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ.ഉ.(കൈ) നമ്പർ 389/2020/ഉ.വി.വ., 5-11-2020-ലെ ഉത്തരവ് പ്രകാരം 2020-21 അദ്ധ്യയന വർഷം കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ എം.എസ്സി. കെമിസ്ട്രി വിത്ത് ഡ്രഗ് കെമിസ്ട്രി സ്പെഷ്യലൈസേഷൻ കോഴ്സ് അനുവദിച്ചിരുന്നു. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) കോളേജുകളിൽ പുതുതായി ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ബാധകമല്ല.

കുളത്തുപ്പുഴയിൽ കോളേജ് ആരംഭിക്കാൻ നടപടി

143(1128) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഒരു ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly